# പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : 399 | 25/06/2019-ൽ മറുപടിയ്ക്ക്

## അദ്ധ്യയനം വിദ്യാർത്ഥി കേന്ദ്രീകൃതമാക്കാൻ പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.വി. ജോയി**<br>**ശ്രീ. റ്റി.വി.രാജേഷ്**<br>**ശ്രീ.ജോർജ് എം. തോമസ്**<br>**ശ്രീ.എം. മുകേഷ്** | പ്രൊഫ. സി.രവീന്ദ്രനാഥ്<br>(പൊതു വിദ്യാഭ്യാസ വകുപ്പമന്ത്രി) |
| എ) അദ്ധ്യയനാനുഭവം പാഠപുസ്തക കേന്ദ്രീകൃതമായി പരിമിതപ്പെട്ടുത്താതെ വിദ്യാർത്ഥി കേന്ദ്രീകൃതമാക്കിത്തീർക്കാൻ നടപ്പിലാക്കുന്ന പദ്ധതികൾ എന്തെല്ലാമാണ്; ലൈബ്രറികൾ സജ്ജീകരിക്കാൻ ചെയ്തുവരുന്ന കാര്യങ്ങൾ എന്തെല്ലാമാണ്; | (എ) വിവിധ വിഷയങ്ങളെക്കുറിച്ച് ആഴത്തിലുള്ള അവബോധം വളർത്തുന്ന തരത്തിൽ പാഠ്യപദ്ധതിയിലും പഠന സാമഗ്രികളിലും മെച്ചപ്പെടുത്തലുകൾ വരുത്തിയിട്ടുണ്ട്. 'സമഗ്ര' വിദ്യാഭ്യാസ പോർട്ടലിലൂടെ ഡിജിറ്റൽ പഠന വിഭവങ്ങൾ ലഭ്യമാക്കുകയും, പാഠപുസ്തകങ്ങളിൽ ക്യു.ആർ.കോഡ് ഏർപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. പഠനം വിദ്യാർത്ഥി കേന്ദ്രീകൃതമാക്കുന്നതിന് ഡിജിറ്റൽ ക്ലാസ്റൂം സംവിധാനം, സ്കൂൾ/ക്ലാസ്സ് ലൈബ്രറികൾ, ബയോഡൈവേഴ്സിറ്റി പാർക്ക് തുടങ്ങിയവ ലക്ഷ്യമിടുന്നു. സ്കൂൾ ലൈബ്രറികൾ കാര്യക്ഷമമാക്കുന്നതിനായി 'സ്കൂൾ ലൈബ്രറി/ക്ലാസ്സ്റൂം ലൈബ്രറി' എന്ന പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ട്. സ്കൂൾ ലൈബ്രറികളുടെ സൗകര്യങ്ങൾ വർദ്ധിപ്പിക്കുവാനും, ക്ലാസ്സ്റൂം ലൈബ്രറികൾ സജ്ജീകരിക്കുവാനും പദ്ധതിയിലൂടെ ഉദ്ദേശിക്കുന്നുണ്ട്. |
| (ബി) ശാസ്ത്രവും സാമൂഹ്യശാസ്ത്രവും സംബന്ധിച്ച ലാബുകൾ സജ്ജീകരിക്കാൻ പരിപാടിയുണ്ടോ; പഠന-പഠനേതര മേഖലകളിൽ പ്രതിഭ തെളിയിക്കുന്നവരെ പ്രോത്സാഹിപ്പിക്കാൻ ചെയ്തുവരുന്ന കാര്യങ്ങൾ അറിയിക്കാമോ; | (ബി) ഉണ്ട്. ഗണിതപ്രതിഭകളെ പ്രോത്സാഹിപ്പിക്കുവാൻ 'ന്യുമാറ്റ്സ്', സാമൂഹ്യ ശാസ്ത്ര പ്രതിഭകൾക്കായി 'സ്റ്റെപ്സ്' എന്നീ പദ്ധതികൾ നടപ്പിലാക്കി വരുന്നു. ഹയർ സെക്കന്ററി മേഖലയിൽ പഠിക്കുന്ന ബി.പി.എൽ. വിഭാഗക്കാരായ വിദ്യാർത്ഥികളിൽ നിന്നും പഠനത്തിലും, ആർട്സ്- |

സ്പോർട്സ് മേഖലകളിലും മികവ് തെളിയിക്കുന്നവർക്ക് സ്കോളർഷിപ്പും നൽകിവരുന്നു.

(സി) പ്രത്യേക പരിഗണന അർഹിക്കുന്നവരെ ജീവിത വിജയം കൈവരിക്കാൻ പ്രാപ്തരാക്കുന്നതിന് നടത്തിവരുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണ്; വ്യക്തമാക്കുമോ?

(സി) പ്രത്യേക പരിഗണന അർഹിക്കുന്നവരിൽ ബുദ്ധിപരമായ വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്കായി പ്രത്യേക പാഠപുസ്തകങ്ങൾ വർക്ക ബുക്കുകൾ, റിസോഴ്സ് സിഡി എന്നിവ തയ്യാറാക്കി നൽകുന്നുണ്ട്. പാഠ്യ പദ്ധതി, പാഠപുസ്തകം, റിസോഴ്സ് സിഡി, വിലയിരുത്തൽ എന്നീ മേഖലകളിൽ അദ്ധ്യാപക പരിശീലനം, പ്രധാനാദ്ധ്യാപർക്ക് പ്രത്യേക പരിശീലനം ബി.എഡ്,ഡി.എഡ് കോളേജ് അദ്ധ്യാപകർക്കായുള്ള ശാക്തീകരണ പരിപാടി എന്നിവ നടത്തിവരുന്നു. ശ്രവണ പരിമിതി നേരിടുന്ന വിദ്യാർത്ഥികൾക്കായി പാഠപുസ്തകങ്ങൾ, അനുരൂപീകരണം നടത്തി കാഴ്ച പരിമിതിയുള്ള വിദ്യാർത്ഥികൾക്കായി പാഠപുസ്തകങ്ങളുടെ 'മാഗ്നിഫൈഡ്' പതിപ്പുകൾ തയ്യാറാക്കി വരുന്നു. ഭിന്നശേഷിക്കാരായ വിദ്യാർത്ഥികളുടെ പഠനവുമായി ബന്ധപ്പെട്ട സമീപനരേഖയ്ക്ക് രൂപം നൽകി വരുന്നു. ആംഗ്യഭാഷയുമായി ബന്ധപ്പെട്ട കരട് സമീപനരേഖ വികസിപ്പിക്കുകയും ചെയ്തിട്ടുണ്ട്. ഭിന്ന ശേഷിക്കാരായ വിദ്യാർത്ഥികൾക്ക് അനുയോജ്യമായ ഹയർ സെക്കന്ററി കോഴ്സുകൾ തെരഞ്ഞെടുക്കുന്നതിനായി അഡ്മിഷൻ വേളയിൽ ജില്ലാതല കൗൺസിലിങ്ങും ഏർപ്പെടുത്തിയിട്ടുണ്ട്.

Reeny
സെക്ഷൻ ഓഫീസർ